കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പുലിയൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റുചീട്ടു സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി12-1065/17

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ്കാര്യാലയം, ആലപ്പുഴ
ഫോൺ 0477-2252753
ഇമെയിൽ – ddhglfalpy@gmail.com

തീയതി: 19.08.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പുലിയൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പുലിയൂർ ഗ്രാമപഞ്ചായത്ത്- 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഭാഗം 3 ലെ ഖണ്ഡികകളിലേക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി/പി12-1065/17 തീയതി: 19.08.2017

## ആലപ്പുഴ ജില്ലയിലെ പുലിയൂർ ഗ്രാമ പഞ്ചായത്ത് 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം – വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം – വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).

ആലപ്പുഴ ജില്ലയിലെ പുലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01-04-2016 മുതൽ 31-03-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി.ഹരികുമാർ, ഡെപ്യൂട്ടിഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ചസമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തികയും |
|---|---|
| 22.07.2017 മുതൽ<br>01-08.2017വരെ | ശ്രീമതി.എൻ.സുജ, ഓഡിറ്റ്ഓഫീസർ (ഹയർ ഗ്രേഡ്)<br>ശ്രീമതി.മായാദേവി.സി.എസ്, അസിസ്റ്റന്റ് ഓഡിറ്റ്ഓഫീസർ<br>ശ്രീ.ചന്ദ്രശേഖരൻ.ജി, അസിസ്റ്റന്റ് ഓഡിറ്റ്ഓഫീസർ |

(ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | | |
|---|---|---|
| 1. | ശ്രീമതി .റ്റി.റ്റി .ഷൈലജ | 01.04.2016 മുതൽ 31.03.2017 വരെ |

2) സെക്രട്ടറി

| | |
|---|---|
| 1)ശ്രീമതി.ഓമന ദേവദാസ് | 01.04.2016 മുതൽ 22.08.2016 വരെ |
| 2)ശ്രീമതി.ഷീജ.പി.എസ് ( സെക്രട്ടറിയുടെ ചാർജ്ജ് ) | 23.08.2016 മുതൽ 26.09.2016 വരെ |
| 3)ശ്രീമതി .വൽസലാകുമാരി അമ്മ.പി. | 27.09.2016 മുതൽ 31.03.2017 വരെ |

മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ചിത്ര.കെ.ആർ | 01.04.2016 മുതൽ 31.03.2017 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.ശ്രീകല | 01.04.2016 മുതൽ 31.03.2017 വരെ |

| | | | |
|---|---|---|---|
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | സരസമ്മ | 01.04.2016 മുതൽ 19.08.2016 വരെ |
| | | ബേബി സജനി റഷ്ഫ് | 20.08.2017 മുതൽ 31.03.2017 വരെ |
| 4 | മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ.ഗ്ലോറി | 01.04.2016 മുതൽ 18.08.2016 വരെ |
| | | ഡോ.ലേഖ വി.കെ | 19.08.2016 മുതൽ 31.03.2017 വരെ |
| 5 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.രാജേഷ് കുമാർ | 01.04.2016 മുതൽ 31.03.2017വരെ |
| 7 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.രാജി സുഗതൻ | 01.04.2016 മുതൽ 29.08.2016 വരെ |
| | | ഡോ.അംജിത്.ഇ.കുട്ടി | 30.08.2016 മുതൽ 31.03.2017 വരെ |
| 8 | പ്രധാനാദ്ധ്യാപകൻ | സജികുമാർ.വി.ജി | 01.04.2016 മുതൽ 31.03.2017 വരെ |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ | അഭിലാഷ് | 01.04.2016 മുതൽ 08.09.2016 വരെ |
| | | അരുൺ.ജെ.പ്രതാപ് | 09.09.2016 മുതൽ 31.03.2017 വരെ |
| 10. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | അനിൽകുമാർ | 01.04.2016 മുതൽ 31.03.2017 വരെ |
| 12 | ഡയറിഫാം ഇൻസ്ട്രക്ടർ | ബിന്ദു ദേവി | 01.04.2016 മുതൽ 31.03.2017 വരെ |
| 13 | അസിസ്റ്റന്റ് സെക്രട്ടറി | ഷീജ.പി.എസ് | 01.04.2016 മുതൽ 31.12.2016 വരെ |
| | | അൻവർ റഹ്മാൻ | 03.01.2017 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നം. | ഭാഗം – 1 |
|---|---|---|
| 1 | 1-1മുതൽ 1-8 വരെ | പൊതു അവലോകനം |

| | | |
|---|---|---|
| | | ഭാഗം – 2 |
| 2 | 2-1 | കമ്മ്യൂണിറ്റി ഹാൾ -വാടക കൃത്യമായി ഈടാക്കുന്നില്ല |
| 3 | 2-2 | ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കുന്നില്ല |
| 4 | 2-3 | ഇ-ടെന്റർ-വഴി ലഭിക്കുന്ന ടെണ്ടർഫീസ് പഞ്ചായത്തിൽ തിരികെ ലഭിച്ചില്ല |
| | | ഭാഗം – 3 |
| 5 | 3-1 | കൺവീനർ വർക്കുകൾക്ക് വികസനഫണ്ടിൽ നിന്ന് നികുതിഒടുക്കി അധികചെലവ് 20237രൂപ |
| 6 | 3-2 | സേവന നികുതി -കരാറുകാരന്റെ വിഹിതം ഈടാക്കിയില്ല.അധികചെലവ്-28964/-രൂപ |
| 7 | 3-3 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്, സൈക്കിൾ വാങ്ങൽ - കുറഞ്ഞ ടെന്ററുകൾ അവഗണിച്ചു |
| 8 | 3-4 | ആയുർവേദ ആശുപത്രിക്ക് മരുന്ന് ലഭ്യമായില്ല.341266രൂപ തടസ്സപ്പെടുത്തുന്നു |
| 9 | 3-5 | ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ. മരുന്നു ലഭ്യമാകാത്തത് സംബന്ധിച്ച് |
| 10 | 3-6 | പാലിയേറ്റീവ് കെയർ പ്രോജക്ട്-ഹോംകെയർപ്രവർത്തനം നടപ്പിലായില്ല. മരുന്നു ലഭ്യമായില്ല |
| 11 | 3-7 | വിവാഹ ധന സഹായം-ഗ്രാമ സഭയിൽ അംഗീകാരം നേടിയിട്ടില്ല |
| 12 | 3-8 | നൂറ്റവൻ പാറ കുടിവെള്ള പദ്ധതി മെയിന്റനൻസ്-വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല |
| 13 | 3-9 | ആട് വളർത്തൽ |
| 14 | 3-10 | അമൃതം ന്യൂട്രിമിക്സ് സ്റ്റോക്കും ബില്ലും തമ്മിൽ പൊരുത്തപ്പെടുന്നില്ല |
| 15 | 3-11 | നെൽവിത്ത് വിതരണം -അപാകങ്ങൾ |
| 16 | 3-12 | ആസ്തി രജിസ്റ്റർ കാലികമാക്കൽ -സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച |
| 17 | 3-13 | വാങ്ങൽ പ്രോജക്ടുകൾ - ടെണ്ടർ നടപടി ക്രമങ്ങൾ പാലിക്കുന്നില്ല |
| 18 | 3-14 | എസ്.എൽ.ഐ വിഹിതം കൃത്യമായി അടയ്ക്കുന്നില്ല |
| 19 | 3-15 | ജീവനക്കാരിയുടെ പങ്കാളിത്ത പെൻഷൻ വിഹിതം അടയ്ക്കുന്നില്ല |
| | | ഭാഗം – 4 |
| 20 | 4-1മുതൽ<br>4-10 വരെ | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 21 | അനുബന്ധം.1 | . |
| 22 | അനുബന്ധം.2 | ജനപ്രതിനിധികളുടെ പേരും മേൽവിലാസവും |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016 -17 വർഷത്തെ ബജറ്റ് 04-03-16 തീയതിയിൽ അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 33430875 | 33244000 |
| വാർഷിക കണക്ക് പ്രകാരം | 27532678 | 25910021 |

1-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്

1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | തൻവർഷ അലോട്ട്മെന്റ് | അലോട്ട്മെന്റിൽ നിന്നും പിൻവലിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 7727756 | 6563428 | 84.93 |
| വികസനഫണ്ട് എസ്.സി.പി. | 5224833 | 5134867 | 98.27 |
| സംരക്ഷണഗ്രാന്റ് റോഡ് | 4214241 | 232424 | 5.51 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2554755 | 1286465 | 50.35 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4334400 | 2611366 | 60.24 |
| പെർഫോമൻസ് ഗ്രാന്റ് | 868850 | 48894 | 5.62 |
| എം.എൻ.ആർ.ഇ. ജി.എസ്. | 13974908<br>OB 296 ഉൾപ്പെടെ | 13974908<br>CB120839 ഉൾപ്പെടെ | 100 |
| ബി ഫണ്ട് | 31771745 | 31771745 | 100 |

സംരക്ഷണഗ്രാന്റ്, പെർഫോമൻസ്ഗ്രാന്റ്, എന്നീയിനങ്ങളിൽ ലഭിച്ചതുക യുടെ 10%ത്തിൽ താഴെ മാത്രമേ വിനിയോഗിക്കപ്പെട്ടുള്ളൂ.

1-4പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 110 | 30561212 | 66 | 15931169 | - | 44 | 52.12 |

1-5തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2389102 | 3354701 | 965599 | (+)40.41 |
| നികുതിയേതര വരവുകൾ | 443465 | 429886 | 13579 | (-)3 |
| ആകെ | 2832567 | 3784587 | (+)952020 | (+)33.61 |

1-6 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 109440 | 63 |
| കർഷകതൊഴിലാളി പെൻഷൻ | 4513240 | 578 |
| വിധവാപെൻഷൻ | 6279750 | 575 |
| വാർദ്ധക്യകാലപെൻഷൻ | 18491820 | 1193 |
| വികലാംഗപെൻഷൻ | 2177080 | 230 |
| അവിവാഹിതപെൻഷൻ | 146690 | 11 |

2016-17 സാമ്പത്തിക വർഷം ഗുണഭോക്താക്കൾക്ക് വിവിധക്ഷേമപെൻഷനുകൾ ലഭിച്ചിട്ടുണ്ട്.

1-7ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27-07-2017 3 PM ന് സ്ഥാപന തലവന്റെസാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4032 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.06.2017 | 05/2017 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റ ഓഡിറ്റ് | 19.08.16 മുതൽ 02.09.16 വരെ | 2011-12 മുതൽ 2015-16 വരെ | 21.10.16 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 കമ്മ്യൂണിറ്റി ഹാൾ -വാടക കൃത്യമായി ഈടാക്കുന്നില്ല

പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിന്റെ വാടക വർദ്ധിപ്പിക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി 11-11-16 ലെ രണ്ടാം നമ്പർ തീരുമാന പ്രകാരം നിശ്ചയിച്ചു. പാചകം ഉൾപ്പെടുന്ന പരിപാടികൾക്ക് 5000/-രൂപയും, സംഘടനകളുടെ പരിപാടിക്ക് 1500/- രൂപയുമാണ് വാടക നിശ്ചയിച്ചത്. കമ്മ്യൂണിറ്റി ഹാളിന്റെ വാടക വർദ്ധിപ്പിക്കുന്നതിനു തീരുമാനിച്ചു. എന്നാൽ 14-11-16 ലെ പഞ്ചായത്ത് കമ്മറ്റി, ബൈലോ ഇല്ലാത്തതിനാൽ വർദ്ധനവ് വരുത്തേണ്ടതില്ല എന്ന തീരുമാനിച്ചു. എന്നാൽ 03/2017 മുതൽ വാടക വർദ്ധിപ്പിച്ചിട്ടുള്ളതായി രജിസ്റ്ററിലെ രേഖപ്പെടുത്തലുകളിൽ നിന്നു ബോധ്യമാകുന്നു.വാടക വർദ്ധനവ് സംബന്ധിച്ച് തുടർന്നുള്ള കമ്മറ്റി തീരുമാനം പ്രാബല്യ തീയതി എന്നിവ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. എക്സിറ്റ് മീറ്റിംഗ് വേളയിൽ, 11/2016 നു ശേഷമുള്ള ഒരു കമ്മറ്റിയിൽ വാടക കൂട്ടുന്നതിന് തീരുമാനിച്ചിരുന്നു എന്നും, മിനിറ്റ്സിൽ രേഖപ്പെടുത്തുന്നതിൽ വിട്ടു പോയതാണെന്നും അറിയിക്കുകയുണ്ടായി. കമ്മ്യൂണിറ്റി ഹാൾ വാടക കൃത്യമായി ഈടാക്കാതിരുന്നതിനാൽ വരവു നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

1) റ്റി.കെ മാധവൻ, ധനേഷ് ഭവനം എന്ന വ്യക്തി 23-04-17 ൽ വിവാഹ നിശ്ചയം നടത്തുന്നതിനു 13-12-16 അപേക്ഷ നൽകി. 11601102532/13-12-16രശീത് പ്രകാരം വാടക 3000, ഡെപ്പോസിറ്റ് 500 എന്നിവ അടച്ചിട്ടുണ്ട്. വാടക ഇനത്തിൽ 2000/- രൂപ കുറവാണ് ടിയാനിൽ നിന്നും ഈടാക്കിയത്.

2)രേണുക എന്ന വ്യക്തി 07-12-16 ൽ 11601102503 രശീത് പ്രകാരം 500 ഡെപ്പോസിറ്റ് അടവാക്കി 14-12-16 തീയതിയിലേക്ക് വിവാഹ ആവശ്യത്തിനായി ഹാൾ ബുക്ക് ചെയ്തു. ടി വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വാടക 3000/- രൂപ ഈടാക്കിയിട്ടില്ല (പഴയ നിരക്ക്).

3)വി.കെ.തങ്കപ്പൻ, വെങ്ങലിൽ വിഷ്ണു വില്ല എന്ന വ്യക്തി 26-03-17 ലെ നിശ്ചയ ആവശ്യത്തിനായി 04-02-17 ൽ ഹാൾ ബുക്ക് ചെയ്തു. എന്നാൽ വാടക 3000/- രൂപ ഈടാക്കിയിട്ടില്ല (പഴയ നിരക്ക്).

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം.14/28-07-17) നൽകിയ മറുപടിയിൽ മേൽ പരാമർശിച്ച വ്യക്തികളിൽ നിന്നും വാടക ഈടാക്കിയിട്ടില്ല എന്ന് ബോധിപ്പിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ വാടക ഇനത്തിൽ ഉണ്ടായിട്ടുള്ള നഷ്ടം 8000 രൂപ സെക്ഷൻ ക്ളർക്ക്, സജിതകുമാരിയിൽ നിന്നും ഈടാക്കുന്നതിനു ശുപാർശ ചെയ്യുന്നു.

## 2-2 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കുന്നില്ല

ബിൽഡിംഗ് പെർമിറ്റിനായി ലഭിക്കുന്ന അപേക്ഷകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന പെർമിറ്റ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കുന്നില്ല. രജിസ്റ്ററിൽ കണ്ടെത്തിയ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1) കെട്ടിടം പണിയുന്ന വാർഡ് നമ്പർ രേഖപ്പെടുത്തുന്നില്ല.

2) പെർമിറ്റ് നിഷേധിക്കുന്ന സംഗതികളിൽ ആയതിന്റെ കാരണം രേഖപ്പെടുത്തുന്നില്ല.

3) പെർമിറ്റ് ലഭിച്ച കെട്ടിടങ്ങളുടെ പണി പൂർത്തീകരിച്ച് നികുതി നിർണ്ണയം നടത്തുന്ന തീയതി രേഖപ്പെടുത്തുന്നില്ല.

4) കാലാവധി കഴിഞ്ഞ പെർമിറ്റുകൾ പുതുക്കിയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

പെർമിറ്റ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 ഇ-ടെന്റർ-വഴി ലഭിക്കുന്ന ടെണ്ടർഫീസ് പഞ്ചായത്തിൽ തിരികെ ലഭിച്ചില്ല

2016-2017സാമ്പത്തിക വർഷം e-tender ചെയ്ത മരാമത്ത് പ്രവർത്തികളുടെ ടെണ്ടർഫീസ് ഇനത്തിൽ ലഭിച്ച തുക ജില്ലാപഞ്ചാത്ത് എക്സിക്യൂട്ടിവ് എൻജിനീയറുടെ അക്കൌണ്ടിലേക്ക് ഓൺലൈനായി ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

| ക്രമ നം. | പ്രവർത്തിയുടെ പേര് | ടെണ്ടർ സമർപ്പിച്ചവരുടെ എണ്ണം | ടെണ്ടർഫീസ് |
|---|---|---|---|
| 1 | പി.ഐ.പി.കനാൽ കാവുങ്കൽപ്പടി റോഡ്റീട്ടാറിംഗ് | 2 | 735x2=1470 |
| 2 | പി.എച്ച്.സി കോമ്പൗണ്ട് വാൾ നിർമ്മാണം | 3 | 3150x3=3150 |
| 3 | കുളങ്ങരേത്ത്പടി ഓർത്തഡോക്സ് ചർച്ച്റോഡ് റീടാറിംഗ് | 1 | 1155x1=1155 |
| | ആകെ. | | 5775 |

തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കൺവീനർ വർക്കുകൾക്ക് വികസനഫണ്ടിൽ നിന്ന് നികുതിട്ടുക്കി അധികചെലവ് 20237രൂപ

PRICE-ൽ തയ്യാറാക്കുന്ന നിരക്കുകളിൽ ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടുന്നതിനാൽ കൺവീനർമാരിൽ നിന്നും നികുതികൾ ഈടാക്കേണ്ടതുണ്ട്. എന്നാൽ പുലിയൂർ ഗ്രാമപഞ്ചായത്ത് നികുതികൾ ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കി TS വാങ്ങിയിട്ടുള്ളതും ചെലവു നടത്തിയതും. വാറ്റ്, ഇൻകംടാക്സ്, ക്ഷേമനിധി എന്നീയിനങ്ങളിൽ കൺവീനറുടെ ബില്ലിൽ നിന്നും തുക ഈടാക്കുന്നതിനു പകരം പഞ്ചായത്തിന്റെ ധനം വിനിയോഗിച്ചതിനാൽ അധിക ചെലവു വന്നു. കൺവീനർക്ക് അധികം നൽകിയ തുക അനുവദനീയമല്ല. അധികത്തുക കൺവീനർമാരിൽനിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കും.

| ക്രമനം. | വർക്കിന്റെ പേരും മറ്റുവിശദാംശങ്ങളും | എം.ബുക്ക് പ്രകാരമുള്ള ചെലവു വിവരം | അനുവദനീയമായ ചെലവ് | അധിക ചെലവ് |
|---|---|---|---|---|
| 1 | ഇലവൻഞ്ചേരി-ചെമ്മാനത്താഴത്തേ തിൽ റോഡ് കോൺക്രീറ്റ്.<br>പ്രോജക്ട്.നം.76/16<br>കൺവീനർ-ശ്രീ.വി.എം.കരുണാകരൻ<br>ബിൽ നം.8/2016-17<br>തീയതി.24-3-2017<br>തുക.97200/- | ആകെ മൂല്യം - 91698<br>+6% tax = 97200<br>(-)5% vat = 4585<br>(-)1% IT = 917<br>(-)1%KCWF = 917<br>----------------------------<br>കൺവീനർക്ക് = 90781<br>നൽകിയത് | ആകെ മൂല്യം - 91698<br>(-)5% vat = 4585<br>(-)1% KCWF = 917<br>(-)1%IT = 917<br>----------------------<br>കൺവീനർക്ക്- 85279 നൽകാവുന്നത് | 5502 |

| | | | | |
|---|---|---|---|---|
| | | | | |
| 2 | ആവാടിത്തറ ഫില്ലിംഗ്.<br>പ്രോജക്ട്.നം.75/16<br>കൺവീനർ-ശ്രീ.കൃഷ്ണൻ<br>എം.ബുക്ക്-124/15-16<br>ബിൽ നം./2016-17<br>തീയതി.2-3-2017<br>തുക.107059/ | ആകെ മൂല്യം -100999<br>+6%tax =107059<br>(-)5%vat = 5050<br>(-)1%IT = 1010<br>(-)1%KCWWF=1010<br>----------------------------<br>കൺവീനർക്ക് നൽകിയത് =99989/- | ആകെ മൂല്യം-100999<br>(-)5%vat=5050<br>(-)1%IT=1010<br>(-)1%KCWWF=1010<br>----------------------------<br>കൺവീനർക്ക് നൽകാവുന്നത്-93929 | 6060 |
| 3 | വേങ്ങയിൽ ഫുഡ്പാത്ത്<br>പ്രോജക്ട്.നം.81/17<br>കൺവീനർ - ശ്രീ. അനിൽകുമാർ<br>എം.ബുക്ക്നം.78/16-17<br>ബിൽ നം.4/2016-17<br>തീയതി.24-3-2017<br>തുക.97293 | ആകെ മൂല്യം-91786<br>+6%tax = 97293<br>(-)5%vat = 4590<br>(-)1%IT = 918<br>(-)1%KCWWF= 918<br>-------------------------------<br>കൺവീനർക്ക് നൽകിയത് = 90867 | ആകെ മൂല്യം- 91786<br>(-)5%vat = 4590<br>(-)1%IT = 918<br>(-)1% KCWWF = 918<br>-------------------------<br>കൺവീനർക്ക് നൽകാവുന്നത് -85360 | 5507 |
| 4 | ഇലവൻഞ്ചേരി-ചെമ്മാനത്താഴത്തേതിൽ റോഡ് കോൺക്രീറ്റിംഗ് പ്രോജക്ട്.നം103/17./16<br>കൺവീനർ - ശ്രീ.എം.വി.രാജൻ<br>ബിൽ നം.9/2016-17<br>തീയതി.24-3-2017<br>തുക.55964 | ആകെ മൂല്യം-52796<br>+6% tax = 55964<br>(-)5% vat = 2640<br>(-)1 % IT = 528<br>(-)1% KCWF = 528<br>----------------------------<br>കൺവീനർക്ക് നൽകിയത്-52268 | ആകെ മൂല്യം = 52796<br>(-)5%vat = 2640<br>(-)1 %IT = 528<br>(-)1% KCWF= 528<br>----------------------------<br>കൺവീനർക്ക് നൽകാവുന്നത്-49100 | 3168 |
| | ആകെ- | | | 20237 |

## 3-2 <u>സേവന നികുതി -കരാറുകാരന്റെ വിഹിതം ഈടാക്കിയില്ല.അധികചെലവ്-28964/-രൂപ</u>

വർക്കുകളുടെ സേവനനികുതി സേവന ദാതാവും കരാറുകാരനും തുല്യമായി ഒടുക്കേണ്ടതാണ്. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള സേവനനികുതിയുടെ പകുതി പഞ്ചായത്ത് വഹിച്ചാൽ മതിയാകും. എന്നാൽ പുലിയൂർ ഗ്രാമ പഞ്ചായത്ത് 2016-17 വർഷം നടപ്പിലാക്കിയ മരാമത്തുവർക്കുകളിൽ സേവനനികുതി ഇനത്തിൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന മുഴുവൻ തുകയും പഞ്ചായത്ത് വഹിച്ചതായി കാണുന്നു. സേവനനികുതി ഒടുക്കി രസീത് ഹാജരാക്കിയ മുറക്ക് കരാറുകാരൻ ഒടുക്കിയ തുക തിരികെ നൽകുകയാണ് ചെയ്തത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | ആകെ മൂല്യം | ബിൽനം./തീയതി | സേവന നികുതി | ഈടാക്കേണ്ട സേവനനികുതി | |
|---|---|---|---|---|---|---|
| | | | | | കരാറുകാരൻ | പഞ്ചായത്ത് |
| 1 | ആയുർവേദ ആശുപത്രി മെയിന്റനൻസ്. (പ്രോജക്ട്നം.65/16) | 87892.92 | 97122<br>ബിൽ നം.10/16-17<br>dt 30-3-2017 | 9229 | 4614.5 | 4614.5 |

| | | | | | | |
|---|---|---|---|---|---|---|
| | കോൺട്രാക്ടർ-<br>എം.ബുക്ക്.നം. | | | | | |
| 2 | വി.ഇ.ഒ ഓഫീസ് മെയിന്റനൻസ്. (പ്രോജക്ട് നം.68/17) | 310029 | 342582<br>no.11/16-17dt31-3-2017 | 32553 | 16276.5 | 16276.5 |
| 3 | പെരിശ്ശേരി.യു.പി.എസ്സ് ചുറ്റമതിൽ നിർമ്മാണവും മണ്ണ്ഫില്ലിംഗും.<br>പ്രോ.നം.69/16 | 269097 | 297353<br>1/16-17<br>dt.28-2-2017 | 16145 | 8072 | 8072 |
| | ആകെ. | | | 57927 | 28963.5 | 28963.5 |

കരാറുകാരനിൽ നിന്നും തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-3 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്, സൈക്കിൾ വാങ്ങൽ - കുറഞ്ഞ ടെൻ്ററുകൾ അവഗണിച്ചു

ഗ്രാമ പഞ്ചായത്തിലെ പട്ടിക ജാതി വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ പദ്ധതികളാണ് ലാപ് ടോപ്പ് വിതരണവും സൈക്കിൾ വിതരണവും. പദ്ധതികൾ പ്രകാരമുള്ള ലാപ് ടോപ്പ്, സൈക്കിൾ എന്നിവ വാങ്ങിയത് സ്റ്റോർ പർച്ചേസ് നിയമങ്ങൾ പാലിച്ചല്ല. സ്റ്റോർ പർച്ചേസ് മാനവൽ പ്രകാരം മത്സരാധിഷ്ഠിത ടെൻ്ററുകൾ ക്ഷണിക്കുമ്പോൾ കുറഞ്ഞ നിരക്ക് ഹാജരാക്കിയ സ്ഥാപനത്തിന്റെ ടെൻ്റർ ആയിരിക്കണം അംഗീകരിക്കേണ്ടത്. ഗ്രാമ പഞ്ചായത്തിൽ ഈ നിയമത്തിന് വിരുദ്ധമായി രണ്ട് വാങ്ങലുകളിലും കുറഞ്ഞ ടെൻ്ററുകൾ ഒഴിവാക്കി കൂടിയ നിരക്കിലുള്ള ടെൻ്ററുകൾ അംഗീകരിച്ചാണ് തുക ചെലവഴിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) നിർവ്വഹണം: അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ടിന്റെ പേര്: പട്ടിക ജാതി വിഭാഗത്തിലെ പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പുകൾ

പ്രോജക്ട് നം.: S0057/17

ചെലവഴിച്ച തുക: 489300/- (ബിൽ നം.12/16.3.17-)

ലാപ് ടോപ്പുകൾ വാങ്ങുന്നതിനായി ടെൻ്റർ ക്ഷണിച്ചതിൽ 6 സ്ഥാപനങ്ങളുടെ ടെൻ്ററുകൾ ലഭിച്ചിരുന്നു. ഇവയിൽ ഫസ്സാ ഇൻഫർമേഷൻ ടെക്നോളജി പ്രൈവറ്റ് ലിമിറ്റഡ്, കൊല്ലം എന്ന സ്ഥാപനം സമർപ്പിച്ച 19314 രൂപയുടേതാണ് ഏറ്റവും കുറഞ്ഞ ടെൻ്റർ. എന്നാൽ ഈ നിരക്ക് പരിഗണിക്കാതെ ഇതേ സ്ഥാപനത്തിന്റെ 24465 രൂപയുടെ ടെൻ്റർ തീയതിയിലെ 14.11.16 ലെ കമ്മറ്റി തീരുമാനത്തിൽ അംഗീകരിച്ച് തുക ചെലവഴിച്ചിരിക്കുന്നു. ഇക്കാരണത്താൽ 103020/- രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. തുക അധികം ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാങ്ങിയ ലാപ് ടോപ്പ് കളുടെ എണ്ണം | കുറഞ്ഞ നിരക്ക് | അംഗീകരിച്ച നിരക്ക് | ചെലവഴിച്ച തുക | ചെലവഴിക്കേണ്ടിയിരുന്ന തുക | അധികം ചെലവഴിച്ച തുക |
|---|---|---|---|---|---|
| 20 | 19314 | 24465 | 489300 | 386280 | 103020 |

ഏസർ കമ്പനിയുടെ ക്വാഡ്കോർ സ്പെസിഫിക്കേഷനാണ് രണ്ട് ടെൻ്ററുകളിലും രേഖപ്പെടുത്തി യിരുന്നത്. ലാപ് ടോപ്പുകളുടെ സ്പെസിഫിക്കേഷൻ രേഖപ്പെടുത്താതെയായിരുന്നു ടെൻ്റർ ക്ഷണിച്ചത്. ടെൻ്ററുകൾ പഞ്ചായത്ത് കമ്മറ്റിയിലോ പർച്ചേസിംഗ് കമ്മറ്റിയിലോ താരതമ്യം ചെയ്തിരുന്നില്ല. ഏറ്റവും കുറഞ്ഞ നിരക്ക് അംഗീകരിക്കാതിരുന്നതിനുള്ള വിശദീകരണവും ഫയലിൽ ലഭ്യമല്ല. അപാകങ്ങൾക്ക് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/26.7.17) മറുപടി ലഭ്യമാക്കിയിരുന്നില്ല. ഫസ്സാ ഇൻഫർമേഷൻ ടെക്നോളജി ഹാജരാക്കിയ ടെൻ്ററിൽ 3 വർഷ വാറണ്ടി രേഖപ്പെടുത്തിയിരുന്നതിനാലും മറ്റുള്ളവയെക്കാൾ ഗുണനിലവാരം ഉള്ളവയായതിനാലുമാണ് പ്രസ്തുത സ്ഥാപനത്തിന്റെ ഉയർന്ന ടെൻ്റർ അംഗീകരിച്ചത് എന്നും ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്ക് വാക്കാൽ അറിയിച്ചിരുന്നു. എന്നാൽ ഇത് സംബന്ധിച്ച തീരുമാനങ്ങൾ പഞ്ചായത്ത് കമ്മറ്റിയിലോ പർച്ചേസിംഗ് കമ്മറ്റിയിലോ രേഖപ്പെടുത്തിയിരുന്നില്ല. ക്രമ പ്രകാരമല്ലാതെയുള്ള ചെലവായതിനാൽ അധികം ചെലവഴിച്ച 103020 രൂപ 14.11.16

തീയതിയിലെ കമ്മറ്റിയിൽ പങ്കെടുത്ത അംഗങ്ങൾ, ടെന്റർ അംഗീകരിച്ച കാലയളവിലെ അസിസ്റ്റന്റ് സെക്രട്ടറി, സെക്ഷൻ ക്ലാർക്ക് എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

2) നിർവ്വഹണം: അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ടിന്റെ പേര്: 8,9,10 ക്ലാസുകളിലെ കുട്ടികൾക്ക് സൈക്കിൾ

പ്രോജക്ട് നം.: S0058/17

സൈക്കിൾ വാങ്ങുന്നതിനായി ടെന്റർ ക്ഷണിച്ചതിൽ 2 സ്ഥാപനങ്ങൾ ടെന്റർ ഹാജരാക്കിയതിൽ ദ സൈക്കിൾ & മോട്ടോർ ട്രേഡേഴ്സ് ഹാജരാക്കിയ ഭോഗൽ ഡി എൻ എസ് എന്ന കമ്പനിയുടെ സൈക്കിളുകളാണ് കുറഞ്ഞ നിരക്കിലുള്ളത്. എന്നാൽ ഇത് പരിഗണിക്കാതെ ഇതേ സ്ഥാപനം ഹാജരാക്കിയ ഹീറോ കമ്പനിയുടെ കൂടിയ നിരക്ക് 14.11.16 ലെ കമ്മറ്റി തീരുമാന പ്രകാരം അംഗീകരിച്ചാണ് തുക ചെലവഴിച്ചിട്ടുള്ളത്. കുറഞ്ഞ നിരക്ക് പരിഗണിക്കാതിരുന്നതിനുള്ള കാരണങ്ങളും പ്രസ്തുത തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടില്ല. വാങ്ങൽ നടത്തുന്നതിന് പർച്ചേസിംഗ് കമ്മറ്റി രൂപീകരിച്ചിട്ടില്ല.

| വാങ്ങിയ സൈക്കിളുകളുടെ ഇനം | എണ്ണം | കുറഞ്ഞ നിരക്ക് | അംഗീകരിച്ച നിരക്ക് | ചെലവഴിക്കേണ്ടിയിരുന്ന തുക | ചെലവഴിച്ച തുക | വ്യത്യാസം |
|---|---|---|---|---|---|---|
| ഹീറോ റേഞ്ചർ നൈട്രോ 26 സൈക്കിൾ | 25 | 3525 | 3625 | 88125 | 90625 | 2500 |
| ഹീറോ മിസ് ഇൻഡ്യാ -26 | 18 | 3699 | 3819 | 66582 | 68742 | 2160 |
| ആകെ | | | | | | 4660 |

അധികം ചെലവഴിച്ച 4660 രൂപ (ബിൽ നം. 13/18.3.17-159367/-) ടെന്ററിന് അംഗീകാരം നൽകിയ കമ്മറ്റി അംഗങ്ങൾ, അസിസ്റ്റന്റ് സെക്രട്ടറി എന്നിവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-4 ആയുർവേദ ആശുപത്രിക്ക് മരുന്ന് ലഭ്യമായില്ല.341266/-രൂപ തടസ്സപ്പെടുത്തുന്നു

ആയുർവേദ മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ ആയുർവേദ ആശുപത്രിക്ക് മരുന്ന വാങ്ങൽ എന്ന പ്രോജക്ടിനായി (പ്രോജക്ട്നം.49/17) 250000/-രൂപ ഔഷധിക്ക് നൽകിയിരുന്നു. എന്നാൽ താഴെ പറയും പ്രകാരമുള്ള മരുന്നുകൾ മാത്രമേ നാളിതുവരെ ലഭിച്ചിട്ടുള്ളൂ.

| ക്രമനം. | ബിൽ നം.& തീയതി | തുക | ഇൻവോയ്സ് പ്രകാരം ലഭ്യമായ മരുന്നിന്റെ വില | ബാക്കി |
|---|---|---|---|---|
| 1 | 1/2017<br>തീ.16-12-2016 | 250000 | No.1467 dt.31-12-2016 പ്രകാരം 50458/- രൂപ<br>No.1750 dt.31-1-2017 പ്രകാരം 93802/- രൂപ<br>No.2234 dt.27-2-17 15068/-രൂപ<br>No.2378 dt.16-3-2017 84028/-രൂപ | 6644 |

ഇൻവോയ്സ് നം.2234 പ്രകാരം ലഭിച്ച മരുന്നുകളിൽ സപ്തസാരം കഷായം 72 ബോട്ടിൽ @62രൂപ 4464/-രൂപക്കുള്ളതും ലഭിച്ചതായി കാണുന്നില്ല. ഈ പ്രോജക്ടിനായി ഔഷധിക്ക് നൽകിയ തുകയിൽ 11108/- (6644+4464) രൂപക്കുള്ള മരുന്ന് ലഭിക്കാനുള്ളതിനാൽ ടി തുക തടസ്സത്തിൽ വക്കുന്നു.

2.വൃദ്ധജനങ്ങൾക്ക് മരുന്ന് (പ്രോജക്ട്നം.51/17) പ്രകാരം 350000/-രൂപ ഔഷധിക്ക് നൽകിയിരുന്നു. (ബിൽ.no.3dt.27-3-2017). ഇതിൽ 19-6-2017ൽ 19842/-രൂപയുടെ മരുന്നുമാത്രമാണ് ലഭ്യമായത്. ബാക്കിമരുന്ന

കിട്ടുന്നതിന് സ്വീകരിച്ച നടപടികൾ എന്നിവ ഓഡിറ്റിൽ അറിയിക്കുന്നതിന് നൽകിയ എൻക്വയറിക്കുള്ള മറുപടിയിൽ മരുന്ന് ലഭ്യമാക്കുന്നതിന് ഔഷധിക്ക് കത്തു നൽകിയിട്ടുണ്ട് എന്നും താമസം കൂടാതെ ഔഷധങ്ങൾ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ലഭിക്കാനുള്ള മരുന്നിന്റെ വിലയായ 330158/-രൂപ തടസ്സത്തിൽ വക്കുന്നു.

## 3-5 ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ.മരുന്നു ലഭ്യമാകാത്തത് സംബന്ധിച്ച്

S0011-//17 നമ്പർ പ്രോജക്റ്റിലുൾപ്പെടുത്തി ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി100000 രൂപ (ബിൽ നമ്പർ1/ 16-2017 തീ. ന് ഹോംകോയ്ക്ക് നൽകിയെങ്കിലും നാളിതുവരെ മരുന്നു 85575മാത്രമേലഭിച്ചുള്ളൂ.ലഭിക്കാനുള്ള മരുന്നിന്റെ വില 14425രൂപ തടസ്സത്തിൽ വക്കുന്നു.

## 3-6 പാലിയേറ്റീവ് കെയർ പ്രോജക്റ്റ്-ഹോംകെയർപ്രവർത്തനം നടപ്പിലായില്ല. മരുന്നു ലഭ്യമായില്ല

S13/17നമ്പരായി അംഗീകാരം ലഭിച്ച പാലിയേറ്റീവ് കെയർ പ്രോജക്റ്റിനായി 400000/-രൂപ വകയിരുത്തിയിരുന്നു എങ്കിലും 72940/- രൂപ മാത്രമാണ് ചെലവഴിച്ചത്. ഇതിൽ മരുന്നിനായി 65000/-രൂപ ബിൽനം.3/16-17 തീയതി.24-3-2017പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനു നൽകിയതല്ലാതെ പാലിയേറ്റീവ് പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. ഏറ്റവും ജനോപകാരപ്രദമായ പ്രോജക്റ്റ് നടപ്പിലാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടതിൽ ഹോംകെയർ നേഴ്സിന്റെ അഭാവത്താലാണ് പ്രവർത്തനങ്ങൾ നടക്കാഞ്ഞത് എന്നും മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽനിന്ന് നാളിതുവരെ മരുന്നുലഭ്യമായിട്ടില്ല എന്നും അറിയിക്കുകയുണ്ടായി. മരുന്നു ലഭ്യമാക്കുന്നതിനും ഹോംകെയർ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനും പി.എം.സി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നിന്റെ വില 65000/-രൂപ തടസ്സത്തിൽ വക്കുന്നു.

## 3-7 വിവാഹ ധന സഹായം-ഗ്രാമ സഭയിൽ അംഗീകാരം നേടിയിട്ടില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി എസ്.സി വിഭാഗത്തിൽ പെട്ട പെൺകുട്ടികൾക്ക് വിവാഹ ധനസഹായം (പ്രോജ.നം. S0059/17) പ്രോജക്റ്റിൽ ഉൾപ്പെടുത്തി 4 ഗുണഭോക്താക്കൾക്ക് 50000 രൂപാ വീതം വിതരണം ചെയ്തിരുന്നു. ഇപ്രകാരം ആനുകൂല്യം നൽകിയതിന് കമ്മറ്റിയുടെയോ ഗ്രാമ സഭയുടെയോ അംഗീകാരം നേടിയിട്ടില്ല. ഗ്രാമസഭയിൽ അംഗീകാരം വാങ്ങാതെ തുക ചെലവഴിച്ചത് ക്രമപ്രകാരമുള്ള നടപടിയല്ല. ആയതിനാൽ ഈ ഇനത്തിൽ ആകെ ചെലവഴിച്ച 200000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-8 നൂറ്റവൻ പാറ കുടിവെള്ള പദ്ധതി മെയിന്റനൻസ്-വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല

അസിസ്റ്റന്റ് സെക്രട്ടറി മുഖേന നൂറ്റുൻ പാറ കുടി വെള്ള പദ്ധതി മെയിന്റനൻസും പമ്പിംഗ് മോട്ടോർ വാങ്ങലും (S0062/17) – പ്രോജക്റ്റിൽ ഉൾപ്പെടുത്തി 15 H P open well പമ്പ് സെറ്റ് സ്ഥാപിക്കുക, അറ്റകുറ്റപ്പണികൾ നടത്തുക എന്നീ പ്രവർത്തികൾക്കായി 300000/- രൂപ 4.1.17 - ൽ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. പദ്ധതി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ വാട്ടർ അതോറിറ്റിയിൽ അടച്ച 300000/- (ബിൽ നം.4/28.12.16) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 ആട് വളർത്തൽ

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥയായി ആട് വളർത്തൽ ജനറൽ പ്രോജക്റ്റ് പ്രകാരം അംഗീകരിച്ച യൂണിറ്റ് കോസ്റ്റ് 8000/- രൂപയും ആട് വളർത്തൽ എസ്.സി പ്രോജക്റ്റ് പ്രകാരം അംഗീകരിച്ച യൂണിറ്റ് കോസ്റ്റ് 10000/- രൂപയുമാണ്. ഒരേ പദ്ധതിപ്രകാരമുള്ള രണ്ട് പ്രോജക്റ്റുകളിൽ രണ്ട് വ്യത്യസ്ത യൂണിറ്റ് കോസ്റ്റുകൾ അംഗീകരിച്ച് ആനുകൂല്യം നൽകിയത് ശരിയല്ല. ജനറൽ പ്രോജക്റ്റ് പ്രകാരം ഒരു വ്യക്തിക്ക് 3 ആടുകളെ വീതവും എസ്.സി പ്രോജക്റ്റ് പ്രകാരം ഒരു ആട് വീതവുമാണ് വിതരണം ചെയ്തിട്ടുള്ളത്. പദ്ധതി മാർഗ്ഗ രേഖകളിൽ ഒരു വ്യക്തി കുറഞ്ഞത് 3 ആടുകളെയെങ്കിലും വാങ്ങേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. പദ്ധതി മാർഗ്ഗ രേഖയ്ക്ക് അനുസൃതമായി പ്രോജക്റ്റുകൾ തയ്യാറാക്കുന്നതിനും, നടപ്പിലാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 3-10 അമൃതം ന്യൂട്രിമിക്സ് സ്റ്റോക്കും ബില്ലും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ മുഖേന സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം (S0036/17) പ്രോജക്ട് പ്രകാരം അമൃതം ന്യൂട്രിമിക്സ് വാങ്ങിയിട്ടുണ്ട്. ന്യൂട്രിമിക്സ് വിതരണം ചെയ്യുന്ന സ്ഥാപനത്തിന്റെ 18.4.16 തീയതിയിലെ ബിൽ (ബിൽ നം.175) പ്രകാരം 547.500 കി.ഗ്രാം ഫുഡ് സപ്ലിമെന്റ്, 167 കി.ഗ്രാം മോണിംഗ് സ്നാക്സ് എന്നിവയുൾപ്പടെ ആകെ 714.500 കി.ഗ്രാം ന്യൂട്രിമിക്സ് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. ഒരു കി.ഗ്രാമിന് 56 രൂപ നിരക്കിൽ 40012/- രൂപയാണ് ബിൽ പ്രകാരം തുക. എന്നാൽ പ്രസ്തുത ബിൽ പ്രകാരം 617.500 കി.ഗ്രാം റ്റി.എച്ച്.ആർ.എസ്, 167 കി.ഗ്രാം മോണിംഗ് സ്നാക്സ് എന്നിവ ഉൾപ്പടെ ആകെ 784.500 കി.ഗ്രാം ന്യൂട്രിമിക്സ് ലഭിച്ചതായി ഐ.സി.ഡി.എസ് സൂപ്പർ വൈസറുടെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. കുടുംബശ്രീ യൂണിറ്റ് തയ്യാറാക്കിയ ബില്ലിൽ വന്ന ക്ലറിക്കൽ എറർ മൂലമാണ് ഇങ്ങനെ സംഭവിച്ചത് എന്ന് അറിയിച്ചു. ടി യൂണിറ്റുകളുടെ മെയിൻസ്റ്റോക്ക് പരിശോധിച്ച് നിജസ്ഥിതി ബോദ്ധ്യപ്പെട്ടതിന് ശേഷം മാത്രം തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 നെൽവിത്ത് വിതരണം -അപാകങ്ങൾ

കൃഷി ഓഫീസർ മുഖേന കർഷകർക്ക് നെൽവിത്ത് വിതരണം പ്രോജക്ടിൽ ഉൾപ്പെടുത്തി 19350 കി.ഗ്രാം നെൽവിത്ത് കെ.എസ്.എസ്.ഡി.എ യിൽ നിന്ന് വാങ്ങി സ്റ്റോക്കിൽ ചേർത്തിട്ടുണ്ടെങ്കിലും 850 കി.ഗ്രാം നെൽ വിത്ത് കർഷകർക്ക് വിതരണം ചെയ്യുകയോ അതിന്റെ വില കെ.എസ്.എസ്.ഡി എയിൽ നൽകുകയോ ചെയ്തിട്ടില്ല. വാങ്ങിയ നെൽവിത്തുകൾ പൂർണ്ണമായി വിതരണം ചെയ്യാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് വിതരണം ചെയ്യാതിരുന്ന 850 കി.ഗ്രാം നെൽവിത്തിൽ 150 കി.ഗ്രാം നെൽവിത്ത് കെ. എസ്.എസ്.ഡി.എ തിരികെ എടുത്തതായും ഇതനുസരിച്ച് പഴയ ഇൻവോയിസിന്റെ അതേ നമ്പരും തീയതിയുമുള്ള പുതുക്കിയ ഇൻവോയിസ് നൽകിയതായും അറിയിച്ചു. അവശേഷിക്കുന്ന 700 കി.ഗ്രാം നെൽ വിത്തുകൾ കർഷകർക്ക് പിന്നീട് വിതരണം ചെയ്തതായും കൃഷി ഓഫീസർ മറുപടി നൽകി. ഒരേ നമ്പരും തീയതിയുമുള്ള രണ്ട് ഇൻവോയിസുകൾ കെ.എസ്.എസ്. ഡി.എ നൽകിയതും നെൽവിത്തുകൾ പദ്ധതി കാലയളവിന് ശേഷം വിതരണം ചെയ്തതായി അറിയിച്ചതും ദുരൂഹത ഉളവാക്കുന്നു. വിഷയത്തിന്മേൽ ഭരണ വകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-12 ആസ്തി രജിസ്റ്റർ കാലികമാക്കൽ -സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ആസ്തി വിവരശേഖരണം 2005-2006-ൽ പൂർത്തിയാക്കി രജിസ്റ്ററുകൾ തയ്യാറാക്കി യിട്ടുള്ളതാണ്. എന്നാൽ ഇതിൽ പലവിധത്തിലുള്ള അപാകതകൾ കടന്നുകൂടിയിട്ടുള്ളതിനാൽ ആസ്തിരജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലാകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കുന്നതിനായി 13-01-2010-ൽ 58608/DB2/2009/LSGD സർക്കുലർ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിക്കുന്നതിൽ പഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചില്ല. ഗ്രാമപഞ്ചായത്തിന്റെ ആസ്തിരജിസ്റ്റർ പരിശോധനയിൽ, രജിസ്റ്ററിൽ റോഡുകളുടെ നീളം, വീതി,കാര്യേജ് വേ ഇവ കൃത്യമായി കാണിക്കാതിരിക്കുക, ഒരു റോഡ് പല റോഡുകളായി മുറിച്ചുകാണിക്കുക, കെട്ടിടങ്ങളുടെ പൂർണ്ണവുമായ വിവരണം നൽകാതിരിക്കുക, ആസ്തികൾ നിർമ്മിച്ച വർഷം, ചെലവുതുക ഇവ രേഖപ്പെടുത്താതിരിക്കുക, നിലവിലുള്ള ആസ്തികളിൽ പലതും രജിസ്റ്ററിൽ ഉൾപ്പെടുത്താതിരിക്കുക തുടങ്ങി അനേകം അപാകതകൾ ഇപ്പോഴും പരിഹരിക്കപ്പെടാതെയുണ്ട് .

തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ അധീനതയിലുള്ള പുറംമ്പോക്ക് ഭൂമിയുടെ വിവരങ്ങൾ പ്രത്യേകഫാറത്തിൽ തയ്യാറാക്കുന്നതിന് നിർദ്ദേശിച്ചിരുന്നു എങ്കിലും അതും പ്രാവർത്തികമാക്കിയിട്ടില്ല.

2016സാമ്പത്തിക വർഷാരംഭത്തിൽ മൊബൈൽ മാപ്പിംഗ് വഴി ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിന് കർശന നിർദ്ദേശം നൽകിയിരുന്നു. എങ്കിലും നടപ്പിലാക്കിയില്ല.

ഗ്രാമപഞ്ചായത്തിന്റെ വാർഷികകണക്കുകൾ അക്രൂവൽ അടിസ്ഥാനത്തിൽ തയ്യാറാക്കുന്നതിനാൽ പഞ്ചായത്തിന്റെ ആസ്തികളുടെ കൃത്യമായ കണക്കുകൾ വാർഷികകണക്കിന്റെ കൃത്യതക്ക് ആവശ്യമാണ്. എന്നിട്ടും ആസ്തിരജിസ്റ്ററിലെ അപാകത പരിഹരിക്കാൻ നാളിതുവരെ നടപടി സ്വീകരിക്കാതിരിക്കുന്നത് ഗുരുതരമായ വീഴ്ചയാണ്. പഞ്ചായത്തിന്റെ ആസ്തികൾ തിട്ടപ്പെടുത്തുകയും അവയുടെ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## 3-13 വാങ്ങൽ പ്രോജക്റ്റുകൾ - ടെണ്ടർ നടപടി ക്രമങ്ങൾ പാലിക്കുന്നില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകളിൽ ടെണ്ടർ നടപടി ക്രമങ്ങൾ പാലിക്കുന്നില്ല.

പ്രോജക്ട്നം.24/2017

എൽ.ഇ.ഡി.ബൾബ് സ്ഥാപിക്കൽ

തുക-1,83,000

ചെലവ് വിവരം: തുക-

ബിൽനം.&തീയതി.

13-12-2016-purchase of LED bulb-143988-(billno.432/16-17)

28-2-2017 installation-14193(bill.no.488/16-17).

പ്രോജക്ട്നം.23/2017

സ്ട്രീറ്റ് ലൈറ്റിന് എ.എം.സി.

തുക-260000

ചെലവ് വിവരം: തുക- ബിൽനം.431/17 dt.13-2-2017 തുക-68177

billno.487/17 dt.13-2-2017-44199 രൂപ.(amc)

ബിൽ.നം.&തീയതി.

40w tube,starter,40wcopper chock,tube side holder,AMCഎന്നിവ വാങ്ങി.

ടെണ്ടർ നടപടികൾ -സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

21-10-2016 - ൽ ടെണ്ടർ ക്ഷണിച്ചു. പരസ്യത്തിൽ ഷേഡ്, ഹോൾഡർ എന്നിവ സ്പെസിഫിക്കേഷൻ പറയാതെ ഗുണനിലവാരമുള്ളവ എന്ന് സൂചിപ്പിച്ചതിനാൽ ടെണ്ടർ സമർപ്പിച്ചവർ പല സ്പെസിഫിക്കേഷനിലുള്ളവ ക്വോട്ട് ചെയ്തു. ലഭിക്കുന്ന ടെണ്ടറുകൾ സോഷ്യൽ ഓഡിറ്റ് കമ്മറ്റിയിലെ ഒരംഗത്തിന്റെയും ടെണ്ടർ സമർപ്പിച്ച മുഴുവൻ ആളുകളുടെയും സാന്നിദ്ധ്യത്തിൽ തുറക്കണം. ടെണ്ടറുകളിൽ ടെണ്ടർ തുറക്കുന്ന നിർവ്വഹണ ഉദ്യോഗസ്ഥൻ വരുത്തേണ്ടതായ രേഖപ്പെടുത്തലുകൾ ഒന്നും വരുത്തിയിട്ടില്ല. ടെണ്ടർ ആരുടെ ഒക്കെ സാന്നിദ്ധ്യത്തിലാണ് തുറന്നത് എന്ന് വ്യക്തമാക്കിയിട്ടില്ല. ടെണ്ടർ സ്വീകരിച്ചോ, നിരസിച്ചോ എന്ന വിവരം രേഖപ്പെടുത്തിയിട്ടില്ല. മത്സരസ്വഭാവമുള്ള ടെണ്ടറുകൾ ലഭിച്ചില്ല എങ്കിലും മാന്വൽ അനുശാസിക്കും പ്രകാരം ടെണ്ടർ നിരസിച്ചില്ല. ലഭിക്കുന്ന ടെണ്ടറുകൾ ടാബുലേറ്റ് ചെയ്തിട്ടില്ല. എന്നാൽ 14-11-2016 ലെ തീരുമാനം 3-2 പ്രകാരം തമ്പുരാൻ കാലയിൽ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചിട്ടുണ്ട്. 780 ലൈറ്റുകൾ ഷേഡുകൾ, ഹോൾഡറുകൾ എന്നിവ വാങ്ങിയിട്ടുണ്ട്. വാങ്ങൽ നടപടികളിൽ പ്രോക്യുവർമെന്റ് മാന്വൽ പ്രകാരമായിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-14 എസ്.എൽ.ഐ വിഹിതം കൃത്യമായി അടയ്ക്കുന്നില്ല

ജി.ഒ (പി) 149/16 ഫിൻ 4.10.16 പ്രകാരം 18000-35699 രൂപ ശമ്പള സ്കെയിലിൽ ശമ്പളം കൈപ്പറ്റുന്ന ജീവനക്കാരിൽ നിന്ന് എസ്.എൽ.ഐ വിഹിതം ഇനത്തിൽ 300 രൂപ വീതം ഈടാക്കേണ്ടതാണ്. എന്നാൽ 21650/- രൂപ അടിസ്ഥാന ശമ്പളം കൈപ്പറ്റുന്ന രാജശ്രീ, ക്ലാർക്കിൽ നിന്ന് 250 രൂപ മാത്രമേ എസ്.എൽ.ഐ വിഹിതമായി ഈടാക്കി വരുന്നുള്ളൂ. മറ്റൊരു ജീവനക്കാരിയായ ജയപ്രഭ പി.കെ, ക്ലാർക്കിൽ നിന്ന് നാളിതുവരെ എസ്.എൽ.ഐ വിഹിതം ഈടാക്കിയിട്ടില്ല. ജീവനക്കാരുടെ ശമ്പള റിക്കവറികൾ യഥാസമയം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-15 ജീവനക്കാരിയുടെ പങ്കാളിത്ത പെൻഷൻ വിഹിതം അടയ്ക്കുന്നില്ല

ജി.ഒ(പി)നം.622/13/ഫിൻ 19.12.13 പ്രകാരം 1.4.13 ന് ശേഷം സേവനത്തിൽ പ്രവേശിച്ച ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ വിഹിതം അവരുടെ ശമ്പളത്തിൽ നിന്ന് ഈടാക്കി സെൻട്രൽ പെൻഷൻ ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് ജീവനക്കാരിയായ ജയപ്രഭ.പി.കെ, ക്ലാർക്കിൽ നിന്ന് പങ്കാളിത്ത പെൻഷൻ വിഹിതം ഇനത്തിൽ മാസം തോറും 2184/- രൂപ ഈടാക്കി വരുന്നെങ്കിലും ടി തുക ഇപ്പോഴും തനത് ഫണ്ടിൽ നിക്ഷേപമായി തുടരുന്നു. ജീവനക്കാരിയ്ക്ക് പ്രാൺ നമ്പർ ലഭിക്കാതിരുന്ന തിനാലാണ് പെൻഷൻ വിഹിതം അടയ്ക്കാതിരുന്നതിന് കാരണമായി ബന്ധപ്പെട്ട സെക്ഷൻ അറിയിച്ചത്.

പ്രാൺനമ്പർ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിച്ച് ജീവനക്കാരിയുടെ പെൻഷൻ വിഹിതം സെൻട്രൽ പെൻഷൻ ഫണ്ടിൽ അടയ്ക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്ക് പരിശോധന - അപാകതകൾ

പുലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക കണക്ക് പരിശോധിച്ച് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

a)റസീറ്റ് & പേയ്മെന്റ് അക്കൗണ്ട്

| | |
|---|---|
| മുന്നിരിപ്പ് | 7161849.68 |
| വരവ് | 27532678 |
| ആകെ | 34694527.68 |
| ചെലവ് | 25910021 |
| നീക്കിയിരിപ്പ് | 8784506.68 |

റസീറ്റ് & പേയ്മെന്റ് അക്കൗണ്ട് പരിശോധിച്ച് കണ്ടെത്തിയ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1)നീക്കിയിരുപ്പ് തുകകൾ പാസ് ബുക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

ചുവടെ അക്കൗണ്ടുകളുടെ ബാങ്ക്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ പാസ്ബുക്കുമായി വ്യത്യാസപ്പെട്ടിരിക്കുന്നു. വ്യത്യാസം പൊരുത്തപ്പെടുത്തിയിട്ടില്ല.

| അക്കൗണ്ട് | ബാങ്ക്ബുക്ക് പ്രകാരമുള്ള തുക | പാസ്സ്ബുക്ക് പ്രകാരമുള്ള തുക | വ്യത്യസം |
|---|---|---|---|
| SBT own fund | 1033662 | 1641496 | 607834 |
| Treasury TSB | 7015407 | 6664390 | 351017 |
| SBT RCRSP suchithwa mission | 399072 | 1929627 | 1530555 |

2)സാംഖ്യയിൽ ഉൾപ്പെടാത്ത വരവുകളും ചെലവുകളും

പഞ്ചായത്തിന് തൻവർഷം ലഭിച്ചിട്ടുള്ള പല വരവുകളും സാംഖ്യയിൽ രശീത് ചെയ്യിട്ടില്ല. വിവരം ചുവടെ ചേർക്കുന്നു.

a. ODF പദ്ധതിയ്ക്കായി ചെലവഴിച്ച തുകയിൽ ശുചിത്വ മിഷനിൽ നിന്നും നിന്നും തിരികെ ലഭിച്ച 1591200 രൂപ RP സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

b.നെൽകൃഷി പദ്ധതിയ്ക്കായി ലഭിച്ച ബ്ളോക്ക് ഷെയർ 90000 രൂപ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

c.വിമുക്തി പദ്ധതിയ്ക്കായി ലഭിച്ച 25000 രൂപ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

പഞ്ചായത്ത് തൻവർഷം നടത്തിയിട്ടുള്ള പല ചെലവുകളും സാംഖ്യയിൽ പേയ്മെന്റായി ചേർത്തിട്ടില്ല. വിവരം ചുവടെ ചേർക്കുന്നു.

Treasury TSB അക്കൗണ്ടിൽ നിന്നും നൽകിയിട്ടുള്ള ചുവടെ ചേർക്കുന്ന ചെക്കുകൾ മുഖേനയുള്ള ചെലവുകൾ സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ചെക്ക് നം. / തീയതി/ | തുക |
|---|---|
| 5907225 / 29-03-17 | 4000 |
| 5907226/ 29-03-17 | 70017 |
| 5907227/ 29-03-17 | 40950 |
| 5907228/29-03-17 | 20000 |
| 5907229/ 30-03-17 | 100000 |
| 5907230/ 30-03-17 | 100000 |
| 5907231 / 102000 | 102000 |

3)അടിസ്ഥാന രജിസ്റ്ററുകൾ പൂർത്തീകരിച്ചിട്ടില്ല.

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, ലേല രജിസ്റ്റർ, കമ്മ്യൂണിറ്റി ഹാൾ വാടക രജിസ്റ്റർ എന്നിവ പൂർത്തീകരിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4)ഡി & ഓ ലൈസൻസ് ഫീസ് വരവ് RP -4 ൽ ഉൾപ്പെടുത്തിയിട്ടില്ല.

5) RP-31 ൽ ഉൾപ്പെടുത്തിയിട്ടുള്ള grants funds & contributions for specific purpose other than development fund – 79901 എന്ന വരവ് വിശദീകരിക്കപ്പെട്ടിട്ടില്ല.

b)ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

സ്ഥാപനത്തിന്റെ തൻവർഷത്തെ ആദായത്തിന്റെയും ചെലവിന്റെയും സംക്ഷിപ്തം താഴെപ്പറയുന്നു.

| | |
|---|---|
| ആദായം | 71686794 |
| (-)ചെലവ് | 73759137 |
| ഡെഫിസിറ്റ് | 2072343 |

ഇൻകം &എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലെ ന്യൂനതകൾ

1) കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങുന്നതിനു വേണ്ടി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവഴിച്ച 197800/- രൂപ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്നു.

2)ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ Prior Period item ആയി കാണിച്ചിട്ടുള്ള 2292463/- എന്ന തുക വിശദീകരിക്കപ്പെട്ടിട്ടില്ല.

3)തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരവ് 13974908 രൂപയാണ്. എന്നാൽ I-6 ഷെഡ്യൂളിൽ 13854365/- എന്നു രേഖപ്പെടുത്തിയിരിക്കുന്നു.

c)ബാലൻസ് ഷീറ്റ്

സ്ഥാപനത്തിന്റെ 31.03.2017 ലെ സംക്ഷിപ്ത സാമ്പത്തികനില ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ ആസ്തി | 23431207 |
| (-) ബാധ്യത | 15145190 |
| പഞ്ചായത്ത് ഫണ്ട് | 8286017 |

ബാലൻസ് ഷീറ്റിലെ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1) സ്ഥാപനത്തിൽ സാംഖ്യ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് സമ്പ്രദായം ആരംഭിക്കുന്നതിനു മുൻപുണ്ടായിരുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2)ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-15 പ്രകാരം വസ്തു നികുതി തൻവർഷത്തെ കുടിശ്ശിക 1517281/- രൂപയും മുൻവർഷങ്ങളിലെ കുടിശ്ശിക 2817900/- രൂപയും ആകുന്നു. എന്നാൽ ഓഡിറ്റിനു ഹാജരാക്കിയ രേഖകൾ പ്രകാരം തൻവർഷത്തെ കുടിശ്ശിക 229182/- രൂപയും മുൻവർഷങ്ങളിലെ കുടിശ്ശിക 401721/- രൂപയുമാണ്.

3)ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 ൽ സംയുക്ത പ്രോജക്ടുകൾക്കുള്ള കോൺട്രിബ്യൂഷൻ 53725/- രൂപ എന്നു രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ശരിയായ തുക 92100/- രൂപയാണ്.

4)ഷെഡ്യൂൾ B-7 auction deposit, deposit for halls & auditorium എന്നിവയിൽ മുൻവർഷങ്ങളിലെ നീക്കിയിരിപ്പ് കൂട്ടിയെടുത്തിട്ടില്ല.

5) തൊഴിൽ നികുതി കുടിശ്ശിക 11660/- രൂപ ഷെഡ്യൂൾ B-15 ൽ ഉൾപ്പെടുത്തിയിട്ടില്ല.

6) വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് വർക്കിനു നൽകിയ 300000/- രൂപ ഷെഡ്യൂൾ B-18 ൽ ഉൾപ്പെടുത്തിയിട്ടില്ല.

d) മറ്റു പ്രധാനപ്പെട്ട ന്യൂനതകൾ

1) ചെക്കു മുഖേനയുള്ള പേയ്മെന്റുകൾ അതാതു ദിവസം സാംഖ്യയിൽ പേയ്മെന്റായി രേഖപ്പെടുത്തുന്നില്ല.

2) സെൽഫ് ചെക്ക് മുഖേനയുള്ള വരവുകൾ അതാതു ദിവസം ക്യാഷ്ബുക്കിൽ വരവായി ചേർക്കുന്നില്ല. കോൺട്രാ എൻട്രികൾ യഥാസമയം നടത്തുന്നില്ല.

4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 153725 | സ്കോളർഷിപ്പ് | 0 | -153725 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 90000 | നെൽകൃഷി | 90000 | -- |

4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം നൂറ്റവൻപാറ കടിവെള്ള പദ്ധതി മെയിന്റനൻസിനായി 3,00,000/- രൂപ 4.1.17 – ൽ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട് (ബിൽ നം.4/28.12.2016)

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

4-6 സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

4-7. ഓഡിറ്റ് റിക്കവറി

--ഇല്ല--

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 4.12 | 2009-10 | 3.13 | വനിതാ തൊഴിൽ പരിശീലനം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ)സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 27532678 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 25910021 |
| വരവിനങ്ങളിലുള്ള നഷ്ടം | 8000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 127917 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 920691 |

(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായവരുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 8000 | | സജിതകുമാരി.എസ്, സീനിയർ ക്ളർക്ക് |
| 3-1 | | 20237 | ശ്രീ.അരുൺ.ജെ.പ്രതാപ് |
| 3-3(1) | | 103020 | ശ്രീമതി.ഷീജ.പി.എസ്, അസിസ്റ്റന്റ് സെക്രട്ടറി |

| | | | |
|---|---|---|---|
| | | | പ്രദീപ്കുമാർ, സീനിയർ ക്ലാർക്ക്.14-11-2016 – ലെ കമ്മറ്റിയിൽ പങ്കെടുത്ത അംഗങ്ങൾ |
| 3-3-(2) | | 4660 | ശ്രീമതി.ഷീജ.പി.എസ്, അസിസ്റ്റന്റ് സെക്രട്ടറി<br>പ്രദീപ്കുമാർ, സീനിയർ ക്ലാർക്ക്.14-11-2016 – ലെ കമ്മറ്റിയിൽ പങ്കെടുത്ത അംഗങ്ങൾ |
| ആകെ. | 8000 | 127917 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 341266 | ഡോ.ലേഖാ.വി.കെ.മെഡിക്കൽഓഫീസർ,ആയുർവേദം |
| 3-5 | 14425 | ഡോ. രാജേഷ് കുമാർ, മെഡിക്കൽ ഓഫീസർ,ഹോമിയോ |
| 3-6 | 65000 | ഡോ.അംജിത്ത്.എ.കുട്ടി, മെഡിക്കൽഓഫീസർ, പി.എച്ച്.സി. |
| 3-7 | 200000 | അൻവർ റഹ്മാൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-8 | 300000 | അൻവർ റഹ്മാൻ, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ. | 920691 | |

(സി)കേന്ദ്ര-സംസ്ഥാനസർക്കാരുകൾ,മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

3-11

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സജിതകുമാരി.എസ്, സീനിയർ ക്ലർക്ക് | സീനിയർ ക്ലർക്ക്, പുലിയൂർ ഗ്രാമപഞ്ചായത്ത് | ചേനേത്തു വീട്, കുരീപ്പുഴ പി.ഓ, പെരിനാട്, കൊല്ലം |
| ഷീജ.പി.എസ്സ്.<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി,<br>കോട്ടുകാൽ പഞ്ചായത്ത് | ശ്രീപദ്മം, ഉച്ചക്കട, വെങ്ങാനൂർ.പി.ഒ, തിരുവനന്തപുരം. |
| അൻവർ റഹ്മാൻ.<br>അസിസ്റ്റന്റ് സെക്രട്ടറി | തുടരുന്നു | അറക്കൽ മാടമ്പിൽ, വണ്ടാനം പി.ഒ ആലപ്പുഴ |
| ചിത്ര.കെ.ആർ<br>കൃഷി ഓഫീസർ | മൈലം ഗ്രാമപഞ്ചായത്ത്, കൊട്ടാരക്കര | കണ്ണമത്ത് വീട്, പെരുകുളം.പി.ഒ. കൊട്ടാരക്കര. |
| ഡോ.ലേഖ.വി.കെ | മെഡിക്കൽ ഓഫീസർ<br>ആയുർവേദം, പുലിയൂർ ഗ്രാമ പഞ്ചായത്ത്. | രോഹിണി, TC-19/1774(3)<br>സ്റ്റേഡിയം നഗർറോഡ്<br>പൂജപ്പുര, തിരുവനന്തപുരം |
| ഡോ .രാജി സുഗതൻ<br>മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡിസ്ട്രിക്ട്ഹോസ്പിറ്റൽ, ചെങ്ങന്നൂർ | A2 പൂഞ്ചോണി ഗാർഡൻസ്, ചെങ്ങന്നൂർ |
| ഡോ.അംജിത്ത്.ഇ.കുട്ടി.<br>മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | സ്റ്റേറ്റ് ക്വാളിറ്റി അഷ്വറൻസ് ഓഫീസർ, നാഷണൽഹെൽത്ത്മിഷൻ<br>ജി.എച്ച്.എസ്സ് ക്യാമ്പ്<br>ജനറൽ ഹോസ്പിറ്റൽ<br>തിരുവന്തപുരം | അംജിത്ത് ലാന്റ്, പള്ളിപ്പുറം.പി.ഒ<br>തിരുവനന്തപുരം |
| ഡോ. രാജേഷ് കുമാർ<br>മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഗവ.ഹോമിയോ ഹോസ്പിറ്റൽ, നെയ്യാറ്റിൻകര | രാജഗിരി, തോട്ടക്കാട് പി.ഒ, കല്ലമ്പലം, തിരുവനന്തപുരം |
| അരുൺ.ജെ.പ്രദീപ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>പുലിയൂർ ഗ്രാമ പഞ്ചായത്ത് | പ്രതാപിൽ ഹൗസ്, കാച്ചാണി, നെട്ടയം പി.ഒ, തിരുവന്തപുരം |
| പ്രദീപ് കുമാർ.ജി.കെ, ക്ലാർക്ക് | ക്ലാർക്ക്,പുലിയൂർ ഗ്രാമ പഞ്ചായത്ത് | ബിജു ഭവനം, പെരിങ്ങാല പി ഒ, കായംകുളം |

4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ.എഫ്.എ8-1159/00/30.11.2000/8.02.01 |
| 1997-98 | എൽ.എഫ്.ജി.എ5-1832/11 തീയതി.25.01.2012 |
| 1998-99(ചെലവ്) | എൽ.എഫ്.ജി.എ5-1832/11 തീയതി.30.01.2012 |
| 2003-04 | എൽ.എഫ്.ജി.എ5-1832/11 തീയതി.30.01.2012 |

| | |
|---|---|
| 2004-05 | എൽ.എഫ്.ജി.എ5-1577/13(B) തീയതി.21.05.2014 |
| 2005-06 | എൽ.എഫ്.ജി.എ5-1577/13 തീയതി.20.05.2014 |
| 2006-07,2008-09 | എൽ.എഫ്.ജി.എ5-1577/13 തീയതി.21.05.2014 |
| 2007-08 | എൽ.എഫ്.ജി.എ5-1577/13 തീയതി.20.05.2014 |
| 2009-10 | എൽ.എഫ്.ജി.എ5-1577/13 തീയതി.21.05.2014 |
| 2010-11, 2011-12 | എൽ.എഫ്.ജി.പി5-195/14 തീയതി.22.5.14/4.7.14 |
| 2012-13 | എൽ.എഫ്.ജി.പി5-201/15 തീയതി.04.08.2015 |
| 2013-14 | കെഎസ്.എ.എ.എൽ.പി-പി5-199/2016 തീയതി.22.03.2016 |
| 2014-15 | കെ.എസ്.എ.എ.എൽ.പി- പി12-821/2016 തീയതി.26/07/2016 |
| 2015-16 | കെ എസ് എ- എ എൽ പി 2- 1265/16 തീയതി. 16.11.2016 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ആലപ്പുഴ

## <u>അനുബന്ധം. 1</u>

നം. കെ.എസ്.എ-എ.എൽ.പി/പി12/1065/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

തീയതി: 19.08.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ പുലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഭാഗം 4 ഖണ്ഡിക 4-1ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പുലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ആലപ്പുഴ

No. KSA-ALP/P12/1065/2017

Kerala State Audit Department,
District Audit Office, Alappuzha.
Date: 19.08.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Puliyoor Grama Panchayat in Alappuzha District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Puliyoor Gramapanchayat for the year 2016-17 except the observations in my audit report Para 4-1 properly presents the picture of income and expenditure.

Deputy Director
Kerala State Audit Department
Alappuzha

## അനുബന്ധം. 2

### ജനപ്രതിനിധികളുടെ പേരും മേൽവിലാസവും

| ക്രമ നം. | പേര് | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| 1 | റ്റി.റ്റി.ഷൈലജ | പള്ളത്ത് കിഴക്കേതിൽ, ഇലഞ്ഞിമേൽ, ചെങ്ങന്നൂർ, പിൻ. 689511 |
| 2 | എം.ജി.ശ്രീകുമാർ | പ്ലാവേലിൽ, പേരിശ്ശേരി, ചെങ്ങന്നൂർ, പിൻ.689126 |
| 3 | അമ്പിളി ബാബു രാജീവ് | ഗംഗ ഭവനം, തോനയ്ക്കാട്, ചെങ്ങന്നൂർ, പിൻ.689511 |
| 4 | കെ.പി.പ്രദീപ് | കൊല്ലംപറമ്പിൽ, പുലിയൂർ, ചെങ്ങന്നൂർ, പിൻ.689510 |
| 5 | രാധാമണി | ത്രിവേണി, പേരിശ്ശേരി, ചെങ്ങന്നൂർ, പിൻ.689126 |
| 6 | പി.സി.കരുണാകരൻ | പൊറ്റമേൽ തറയിൽ, തോനയ്ക്കാട്, ചെങ്ങന്നൂർ, പിൻ.689511 |
| 7 | രമ്യാ പ്രമോദ് | അമ്പാടി, പേരിശ്ശേരി,ചെങ്ങന്നൂർ, പിൻ.689126 |
| 8 | ജെസ്സി പോൾ | തലയണപറമ്പിൽ, പേരിശ്ശേരി, ചെങ്ങന്നൂർ, പിൻ.689126 |
| 9 | ജേക്കബ്ബ്.പി.സി | പായിലിപ്പുറത്ത്, അങ്ങാടിക്കൽ, അങ്ങാടിക്കൽ തെക്ക് പി.ഒ, ചെങ്ങന്നൂർ, പിൻ.689122 |
| 10 | മുരളീധരൻ നായർ | മുടിയിലേത്ത്, പുലിയൂർ, ചെങ്ങന്നൂർ, പിൻ.689510 |
| 11 | ബാബു കല്ലൂത്ര | കല്ലൂത്ര സമയം, പുലിയൂർ, ചെങ്ങന്നൂർ, പിൻ.689510 |
| 12 | ലേഖ അജിത്ത് | പുളിയക്കാട്ടിൽ (മീന ഭവനം), പുലിയൂർ, ചെങ്ങന്നൂർ, പിൻ.689510 |
| 13 | രശ്മി.എസ് | നാരായണീയം, ഇലഞ്ഞിമേൽ, ചെങ്ങന്നൂർ, പിൻ.689511 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ആലപ്പുഴ